കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-എ.എൽ.പി-പി.7-352/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ ജില്ല

തീയതി.15.05.2019

ഫോൺ – 0477 2252753

ഇ-മെയിൽ – ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ചെട്ടികുളങ്ങര ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്ത്- 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ് (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 ലെ കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി-പി.7-352/2019 തീയതി:15.05.2019

# ആലപ്പുഴ ജില്ലയിലെ ചെട്ടികുളങ്ങര ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994* ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് *215(4), 1994* ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് *13, 1996*ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം *18* എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി 07.07.2017 മുതൽ 31.01.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിന് മറുപടി ലഭിച്ചു. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ജി.ഹരികുമാർ, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 27.01.2019 മുതൽ 08.02.2019 വരെ<br>13.02.2019 മുതൽ 14.02.2019 വരെ | ശ്രീമതി.പി.കെ.വിജയലക്ഷ്മി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്)<br>ശ്രീ.ജയകൃഷ്ണ.ആർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി.രാജി.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ. സുനിൽകുമാർ.ജി, ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

1) പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി.സി.കൃഷ്ണമ്മ | 01.4.2017 മുതൽ 31.03.2018 വരെ |

2.സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| ക്രമ നം. | സ്റ്റാൻഡിംഗ് കമ്മറ്റി | പേര് | കാലയളവ് |
|---|---|---|---|
| 1 | ധനകാര്യം | ശ്രീ. സുധാകരക്കുറുപ്പ് | 01.4.2017 മുതൽ 31.03.2018 വരെ |
| 2 | വികസനകാര്യം | ശ്രീ.ജി.രാജു | 01.04.2017 മുതൽ 31.03.2018 വരെ |
| 3 | ക്ഷേമകാര്യം | ശ്രീമതി.സിന്ധു ദിവാകരൻ | 01.04.2017 മുതൽ 31.03.2018 വരെ |
| 4 | ആരോഗ്യ വിദ്യാഭ്യാസം | ശ്രീമതി.അമ്പിളി സുനിൽകുമാർ | 01.04.2017 മുതൽ 31.03.2018 വരെ |

2) സെക്രട്ടറി

| | |
|---|---|
| ശ്രീ. അശോക് കുമാർ .എസ് | 01.04.2017 മുതൽ 31.3.18വരെ |

3) മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി. ഹേമലതാ ബാലചന്ദ്രൻ | 01.04.2017 മുതൽ 06.07.2017 വരെ |
| | ശ്രീമതി. ലേഖാമോഹൻ | 07.07.2017 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ.മഞ്ജുശ്രീ.ബി | 01.04.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.നിർമ്മലാകുമാരി.കെ.കെ | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ.ബിജുരാമൻകുട്ടി | 01.04.2017മുതൽ 11.01.2018 FN വരെ |
| | ഡോ.ദേവു.എസ് | 11.01.2018AN മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ (ആയൂർവേദം) | ഡോ.ശേഷ്നാഗ്.എം.പി | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ.) | ഡോ.വിനീത ആർ പുഷ്കരൻ | 01.04.2017 മുതൽ 25.10.2017 FN വരെ |
| | ഡോ. പി.ജ്യോതിഷ് കുമാർ | 25.10.2017AN മുതൽ 31.03.2018 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ. | ശ്രീ.എ.എൻ.തോമസ് | 01.04.2017 മുതൽ 31.03.2018 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ. വേണുകുമാർ | 01.04.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി. ഇന്ദു.എസ്.എസ് | 01.04.2017 മുതൽ 11.10.2017 FN വരെ |
| | ശ്രീമതി. രശ്മി.കെ.എസ് | 11.10.2017ANമുതൽ 31.03.2018 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. രതീഷ്കുമാർ.കെ | 01.04.2017 മുതൽ 31.03.2018 വരെ |
| | ശ്രീ.ഹരികൃഷ്ണൻ.ജി | 01.04.17 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ഗോപാലകൃഷ്ണൻ | 01.04.2017 മുതൽ 31.03.2018 വരെ |

ഉള്ളടക്കം

| ക്രമ നം. | ഖണ്ഡിക നം. | ഇനം |
|---|---|---|
| | | ഭാഗം – 1 |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം (റെസീപ്റ്റ് &പേയ്മെന്റ് പ്രകാരം ) |

| | | |
|---|---|---|
| 5 | 1-5 | ഫണ്ട് വിനിയോഗം.(എസിആർ പ്രകാരം) |
| 6 | 1-6 | പദ്ധതി അവലോകനം. |
| 7 | 1-7 | തൊഴിലുറപ്പ് പദ്ധതി |
| 8 | 1-8 | ക്ഷേമപദ്ധതികൾ |
| 9 | 1-9 | ക്യാഷ് ബാലൻസ് പരിശോധന |
| 10 | 1-10 | ആഭ്യന്തര നിയന്ത്രണം |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 12 | 1-12 | വാർഷികകണക്കിലെ അപാകതകൾ |
| ഭാഗം - 2 | | |
| 13 | 2-1 | തൊഴിൽനികുതി ഒടുക്കിയില്ല |
| 14 | 2-2 | വസ്തുനികുതി നിർണ്ണയം - വസ്തു നികുതി കണക്കാക്കിയതിൽ കുറവ്, അനധികൃത നിർമ്മാണം വ്യാപകം |
| 15 | 2-3 | പെർമിറ്റ്, വസ്തുനികുതി സംബന്ധമായ അപാകതകൾ |
| 16 | 2-4 | ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു |
| 17 | 2-5 | വാടക ഇനത്തിൽ കുടിശ്ശിക |
| 18 | 2-6 | തടികളുടെ ലേലം നടന്നില്ല |
| 19 | 2-7 | മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് - തിരികെ ലഭിക്കുന്നതിന് കാലതാമസം |
| ഭാഗം - 3 | | |
| 20 | 3-1 | സർക്കാരിൽ നിന്നും ലഭിച്ച ഫണ്ടുകൾ പൂർണ്ണമായി വിനിയോഗിക്കാത്തതുമൂലം 1.27 കോടി പാഴായി |
| 21 | 3-2 | തനത് ഫണ്ട് ചെലവുകൾ സംബന്ധമായ അപാകതകൾ |
| 22 | 3-3 | എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി - മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താവ് നിർമ്മാണം പൂർത്തിയാക്കിയില്ല. |
| 23 | 3-4 | സോളാർ പാനൽ സ്ഥാപിക്കൽ - തുടർ നിരീക്ഷണമില്ല |
| 24 | 3-5 | തെരുവ് വിളക്ക് പിരിപാലനം - പദ്ധതി ചെലവിന് സാധൂകരണ രേഖകളില്ല |
| 25 | 3-6 | നൽകിയ തുകക്കുള്ള മരുന്നുകളും ഉപകരണങ്ങളും ലഭിച്ചില്ല |
| 26 | 3-7 | അനുപൂരക പോഷകാഹാര പദ്ധതി- ഐ.സി.ഡി.എസ് സൂപ്പർവൈസർ സ്റ്റോക്ക് രജിസ്റ്റർ കൃത്യമാക്കി സൂക്ഷിക്കുന്നില്ല |
| 27 | 3-8 | മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് - അപാകതകൾ |
| ഭാഗം - 4 | | |
| 28 | 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 29 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 30 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 31 | 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 32 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 33 | 4-6 | ഓഡിറ്റ് റിക്കവറി |
| 34 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 35 | അനുബന്ധം.1 | ഓഡിറ്റ് സാക്ഷ്യപത്രം |

| | | |
|---|---|---|
| 36 | അനുബന്ധം.2 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

27.03.2017 ലെ 1-ാം നമ്പർ തീരുമാനപ്രകാരം 2017-18 വർഷത്തെ ബജറ്റ് അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 17,24,06,000/- | 16,12,28,000/- |
| വാർഷിക കണക്ക് പ്രകാരം | 8,29,49,028/- | 7,52,89,541/- |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും, ചെലവും യഥാർത്ഥത്തിലുള്ള വരവ് ചെലവ് കണക്കുകളും തമ്മിൽ ഗണ്യമായ വ്യത്യാസം ഉണ്ടെന്ന് മേൽ കണക്കുകൾ വ്യക്തമാക്കുന്നു. മുൻവർഷത്തെ വരവ് ചെലവ് കണക്കുകളും പഞ്ചായത്തിന്റെ യഥാർത്ഥ ധനസ്ഥിതിയും ആധാരമാക്കിയല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. പഞ്ചായത്തിലെ സാമ്പത്തിക നിയന്ത്രണത്തിനുള്ള ഉപാധിയാണ് ബജറ്റ്. ബജറ്റിൽ കാണിച്ചിട്ടുള്ള പെരുപ്പിച്ച വരവ് ചെലവ് കണക്കുകൾ ശരിയായ സാമ്പത്തിക നിയന്ത്രണത്തിന്റെ അഭാവത്തെയാണ് സൂചിപ്പിക്കുന്നത്.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.07.2018 | 20.05.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

കെ.എസ്.എ – എ.എൽ.പി – ജി.എ.4 – 1126 (19)/18 തീയതി 30.07.18 പ്രകാരം വാർഷിക ധനകാര്യ പത്രികാ പരിശോധന റിപ്പോർട്ടും സർട്ടിഫിക്കറ്റും പ്രത്യേകമായി പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ പരാമർശിച്ചിരുന്ന അപാകതകൾ പരിഹരിച്ചിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം (റെസീപ്റ്റ് &പേയ്മെന്റ് പ്രകാരം )

| | |
|---|---|
| മുന്നിരിപ്പ് | 1,66,12,534/- |
| വരവ് | 8,29,49,028/- |
| ആകെ | 9,95,61,562/- |
| ചെലവ് | 7,52,89,541/- |
| നീക്കിയിരിപ്പ് | 2,42,72,021/- |

## 1-5 ഫണ്ട് വിനിയോഗം.(എസിആർ പ്രകാരം)

0

| ഫണ്ടിനം. | ഒ.ബി. | വരവ്. | ആകെ. | ചെലവ്. | നീക്കിയിരിപ്പ്. |
|---|---|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | 0 | 19170000 | 19170000 | 12138810 | 7031190 |
| എസ്.സി.പി | 0 | 13409806 | 13409806 | 10299110 | 3110696 |
| ടി.എസ്.പി | 0 | 316871 | 316871 | 169940 | 146931 |
| സി.എഫ്. സി | 0 | 9004184 | 9004184 | 8433605 | 570579 |
| കെ. എൽ.ജി. എസ്.ഡി.പി | 0 | 4668802 | 4668802 | 4668802 | 0 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 0 | 11036000 | 11036000 | 9659127 | 1376873 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 0 | 4248000 | 4248000 | 3824583 | 423417 |
| എൻ.ആർ. ഇ. ജി. എസ് | 522250 | 3117998 | 3640248 | 3611531 | 28717 |
| ബി.ഫണ്ട് | 0 | 213280 | 213280 | 213280 | |
| ദുരിതാശ്വാസഫണ്ട് | 911 | 118 | 1029 | 236 | 793 |
| ട്രഷറി-റ്റിഎസ്ബി ജോയിന്റ് വെഞ്ചർ | 0 | 3006000 | 3006000 | 3006000 | 0 |
| ട്രഷറിറ്റിഎസ്ബി(ജനറൽപർപ്പസ്) | 9834752 | 13337000 | 23171752 | 5850441 | 17321311 |
| കറന്റ് അക്കൗണ്ട് | 0 | 95610 | 95610 | 0 | 95610 |
| തനത്ഫണ്ട് | 4932365 | 14190758 | 19123123 | 14073461 | 5049662 |
| ക്യാഷ് (തനത്ഫണ്ട്) | 186814 | 618212 | 805026 | 186814 | 618212 |
| പൈക്ക | 597974 | 22274 | 620248 | 0 | 620248 |
| സാക്ഷരത. | 3968 | 0 | 3968 | 0 | 3968 |

| | | | | | |
|---|---|---|---|---|---|
| എം.എൻ ലക്ഷംവീട് | 533500 | 0 | 533500 | 0 | 533500 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്- ശതമാനം |
|---|---|---|---|---|---|---|
| 183. | 100945539 | 121 | 52983456 | - | 62 | 66 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 522250 | 3117998 | 3640248 | 3611531 | 28717 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 19133000 | 19133000 | 19133000 | - |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 78480 | 137 |
| കർഷകതൊഴിലാളി പെൻഷൻ | 11207000 | 897 |
| വിധവാപെൻഷൻ | 17550900 | 1396 |
| വാർദ്ധക്യകാലപെൻഷൻ | 35815500 | 2466 |
| വികലാംഗപെൻഷൻ | 4753900 | 378 |
| അവിവാഹിതപെൻഷൻ | 1059600 | 87 |
| നെൽകൃഷി ബോണസ് | 134800 | |

## 1-9 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.03.19ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 18484/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഗ്രാമപഞ്ചായത്തിൽ 02.07.2009-ലെ ജി.ഒ(എം.എസ്) 123/2009/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തുകളുടെ ഭരണനിർവ്വഹണവും ആഭ്യന്തരനിയന്ത്രണവും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പൊതുജനങ്ങൾക്കുള്ള സേവനങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിനുമാണ് ഫ്രണ്ട് ഓഫീസ് സംവിധാനം എന്നതിനാൽ ഇതുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും രേഖകളും നടപടിക്രമങ്ങളും ന്യൂനതകൾ ഇല്ലാതെ സുതാര്യമായിരിക്കേണ്ടതുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ടി വിഷയത്തിൽ കൂടുതൽ കാര്യക്ഷമമായ നടപടികൾ ആവശ്യമാണ്.
2. ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന അപേക്ഷകൾ നേരിട്ട് സെക്ഷനിലേക്ക് കൊടുക്കുന്ന രീതിയാണ് തുടരുന്നത്. തപാലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കപ്പെടുന്നില്ല.
3. സ്ഥാപനത്തിലെ പണം സൂക്ഷിപ്പിന് ഇൻഷ്വറൻസ് കവറേജ് ഇല്ല.
4. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.
5. സ്റ്റോക്ക് രജിസ്റ്ററിൽ ആകെ സ്റ്റോക്ക് വിവരം, വാർഷിക സ്റ്റോക്ക് നീക്കിയിരിപ്പ് വിവരം എന്നിവ ലഭ്യമല്ല. വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.
6. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങളുടെ മേലുള്ള തുടർനടപടികൾ നിരീക്ഷിക്കുന്നതിനുള്ള വാച്ച് രജിസ്റ്റർ സൂക്ഷിക്കപ്പെടുന്നില്ല.
7. ആസ്തി രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കുകയോ ആസ്തികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുകയോ ചെയ്യുന്നില്ല.
8. നിഷ്ക്രിയവും കാലഹരണപ്പെട്ടതുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിക്കുകയോ ആസ്തികൾ കൈയൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്യുന്നില്ല.
9. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിൽ മതിയായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.02.2019 | 01/19 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19.12.2018 മുതൽ 28.12.2018 വരെ | 2013-14മുതൽ 2017-18 വരെ | 04.02.2019 |

## 1-12 വാർഷികകണക്കിലെ അപാകതകൾ

കെ.എസ്.എ-എൽപി-ജിഎ.4-1126(19)/18തീയതി 30.07.18 ആയി പുറപ്പെടുവിച്ച വാർഷിക ധനകാര്യ പത്രിക പരിശോധന റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ കൂടാതെ ഓഡിറ്റ് വേളയിൽ കണ്ടെത്തിയ അപാകതകളുടെ

വിവരം ചുവടെ ചേർക്കുന്നു.

1.വികസനഫണ്ട് (ജനറൽ) ചെലവ് (12138810) എസിആർ പ്രകാരമുള്ള ചെലവുമായി (12159027/-) പൊരുത്തപ്പെടുന്നില്ല. എ.സി.ആർ. പ്രകാരം 25.08.17 ൽ ഐ.സി.ഡി.എസ്.സൂപ്പർവൈസർക്ക് 20217/- രൂപ അനുവദിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും തുക സ്ഥാപനത്തിൽ ചെലവ് വന്നിട്ടില്ല.

2. സെക്രട്ടറി ചെലവഴിച്ച നെൽകൃഷി ബോണസ്സ് ഇനത്തിലുള്ള 134800 രൂപയുടെ വരവ് വാർഷികകണക്ക് Receipt & Payment Statment – ൽ ഉൾപ്പെടുത്തിയിട്ടില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽനികുതി ഒടുക്കിയില്ല

എ). മുൻവർഷ ഡിമാന്റ് രജിസ്റ്ററിലുള്ള മുഴുവൻ സ്ഥാപനങ്ങളുടെയും തൊഴിൽനികുതി ഈടാക്കിയില്ല:-

2016-17 വർഷത്തെ ഡിമാന്റ് രജിസ്റ്ററുമായി ഒത്തു നോക്കിയതിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി തൻവർഷം ഈടാക്കിയിട്ടില്ല.

1. സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് നം.190, ഈരേഴ.

2. കാനറാ ബാങ്ക്, ചെട്ടികുളങ്ങര.

3. കാട്ടുവള്ളി ദേവസ്വം.

ക്രമ നമ്പർ 3 ഒഴികെയുള്ളവയുടെ സ്ഥാപനനികുതിയും ഈടാക്കിയിട്ടില്ല.

ബി). തൻവർഷ ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ കരിപ്പുഴ പോസ്റ്റ്ഓഫീസിലെ ജീവനക്കാരുടെ രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ടി സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതിയും സ്ഥാപനനികുതി ഒടുക്കാൻ ബാധ്യസ്ഥമായവയുടെ സ്ഥാപനനികുതിയും ഈടാക്കി അറിയിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണ (നം.11/07.03.19) ത്തിന് മറുപടി നൽകി. തുക ഈടാക്കി മറുപടി ലഭ്യമാക്കേണ്ടതാണ്.

## 2-2 വസ്തുനികുതി നിർണ്ണയം - വസ്തു നികുതി കണക്കാക്കിയതിൽ കുറവ്, അനധികൃത നിർമ്മാണം വ്യാപകം

1)ഒന്നാം വാർഡിൽ കരിപ്പുഴ ജംഗ്ഷനിൽ പ്രവർത്തിക്കുന്ന മുല്ലേലത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ I/148L(Ist Floor), I/148M(Ist Floor), I/148N(II nd Floor) എന്നീ ഷോപ്പുകളുടെ വസ്തുനികുതി നിർണ്ണയിച്ചതിൽ താഴെപ്പറയുന്ന അപാകത ഉണ്ടായിട്ടുണ്ട്.

(i)ധാരാളം കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന ടി ഷോപ്പിംഗ് കോംപ്ലക്സിന്റെ 2017-18 ൽ പുതുതായി അസസ്സ് ചെയ്ത മേൽപ്പറഞ്ഞ 3 മുറികൾക്ക് 383.36 ച.മീറ്റർ വിസ്തീർണ്ണവും മുൻപ് അസസ്സ് ചെയ്ത I/148B മുതൽ I/148K വരെയുള്ള 10 മുറികൾക്ക് 357 ച.മീറ്ററും ഉൾപ്പെടെ ആകെ 740 ച.മീറ്റർ വിസ്തീർണ്ണം പഞ്ചായത്തിലെ രേഖകൾ പ്രകാരം ഉണ്ട്. വാണിജ്യ ആവശ്യങ്ങൾക്കുള്ള 200 ച.മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 90/- രൂപ നിരക്കിൽ വസ്തുനികുതി നിർണ്ണയിക്കേണ്ടതുണ്ട്. എന്നാൽ ടി 3 കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 60/- രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചത്.

(ii)കൂടാതെ 250 ച.മീറ്ററിന് മുകളിലുള്ള മേൽത്തരം തറ നിർമ്മിതിയുള്ള കെട്ടിടങ്ങൾക്ക് 15% വർദ്ധനവ് വരുത്തേണ്ടതുണ്ട്. എന്നാൽ 08.03.2019 ൽ നടത്തിയ ഭൗതിക പരിശോധനയിൽ ടി കെട്ടിടത്തിന് മേൽത്തരം തറ നിർമ്മിതിയാണെന്നും എന്നാൽ നിയമാനുസൃത വർദ്ധനവ് വരുത്തിയിട്ടില്ലായെന്നും ഓഡിറ്റിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നം. | വിസ്തീർണ്ണം | നിർണ്ണയിക്കേണ്ട നികുതി | നിർണ്ണയിച്ച നികുതി | കുറവ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| I/148 L | 183 ച.മീ. (Ist Floor) | 183*90+3294(വഴി20%)+2470(മേൽത്തരംതറ15%)-1112 (Ist Floor 5%)=21122 | 12518 | 8604 |
| I/148M | 183 ച.മീ. (Ist Floor) | 183*90+3294(വഴി20%)+2470(മേൽത്തരം തറ 15%)-1112(Ist Floor 5%)=21122 | 12518 | 8604 |
| I/148 N | 17.36 ച.മീ. (II nd Floor) | 17.36*90+312(വഴി20%)+234(മേൽത്തരം തറ 15%)-211(II nd Floor 10%)=1897 | 751 | 1146 |

ടി വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.15)അപാകത പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. നികുതി പുനർനിർണ്ണയം നടത്തി കുറവ് വന്ന തുക ഈടാക്കാത്തപക്ഷം സെക്രട്ടറിയുടെ ബാദ്ധ്യതയാകുന്നതാണ്.

(iii)8.03.2019 ൽ നടന്ന ഭൗതിക പരിശോധനയിൽ ടി ഷോപ്പിംഗ് കോംപ്ലക്സിന്റെ II nd ഫ്ലോറിൽ പുതുതായി നിരവധി ഷോപ്പ് റൂമുകളുടെ നിർമ്മാണം നടക്കുന്നതായി കണ്ടെത്തുകയുണ്ടായി. എന്നാൽ ടി നിർമ്മാണത്തിന് പഞ്ചായത്തിൽ നിന്നും നാളിതുവരെ പെർമിറ്റ് നൽകിയിട്ടില്ലായെന്നും ക്രമവൽക്കരിക്കാനാവശ്യമായ നടപടി സ്വീകരിക്കുമെന്നും ടി വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.15)മറുപടി ലഭിച്ചിട്ടുണ്ട്. പ്രാഥമികമായി നമ്പർ നൽകുന്ന ഇത്തരം ഷോപ്പിംഗ് കോംപ്ലക്സുകളിൽ നമ്പറിംഗിനു ശേഷം ഫിനിഷിംഗ് വർക്കുകൾ, അനുബന്ധ നിർമ്മാണങ്ങൾ എന്നിവ നടത്തുന്നതിനാൽ ചുമത്തുന്ന വസ്തുനികുതിയിൽ കുറവുണ്ടാകുന്നതിന്റെ ഫലമായി പഞ്ചായത്തിന് വരുമാന നഷ്ടം സംഭവിക്കുന്നു. മുഴുവൻ പണികളും പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രം നമ്പർ നൽകി പഞ്ചായത്തിന് നഷ്ടം ഉണ്ടാകാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

2)19-ാം വാർഡിൽ പ്രവർത്തിക്കുന്ന XIX/312A(Ground Floor), XIX/312B(Ist Floor) എന്നീ കടമുറികളുടെ പ്ലാൻ പരിശോധിച്ചതിൽ കംപ്ലീഷൻ പ്ലാനിൽ ഉൾപ്പെട്ടിട്ടുള്ള 2nd ഫ്ലോറിലെ 13.04 ച.മീറ്റർ വിസ്തീർണ്ണമുള്ള മുറിയ്ക്ക് നികുതി നിർണ്ണയിച്ചിട്ടില്ലായെന്ന് വ്യക്തമായിട്ടുണ്ട്. നികുതി നിർണ്ണയത്തിന് കണക്കാക്കിയ വിസ്തീർണ്ണവും കംപ്ലീഷൻ പ്ലാനിലെ വിസ്തീർണ്ണവും തമ്മിൽ വ്യത്യാസം ഉണ്ടായിട്ടുണ്ട്. സ്ഥലപരിശോധന നടത്തുന്ന ഓവർസിയർ നികുതി ചുമത്തേണ്ട ഏരിയ (Taxable Area) എത്രയെന്ന് വ്യക്തമാക്കാതെയാണ് റിപ്പോർട്ട് തയ്യാറാക്കുന്നത്. ടി വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.15) അപാകത പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ഫീൽഡ് പരിശോധനയ്ക്ക് പോകുന്ന ഓവർസിയർ കെട്ടിടത്തിന്റെ വിസ്തീർണ്ണം ഉൾപ്പെടെയുള്ള പൂർണ്ണവിശദാംശങ്ങൾ റിപ്പോർട്ടിൽ ഉൾപ്പെടുത്താൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 2-3 പെർമിറ്റ്, വസ്തുനികുതി സംബന്ധമായ അപാകതകൾ

1.പെർമിറ്റ് രജിസ്റ്ററിൽ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നില്ല

പെർമിറ്റ് രജിസ്റ്ററിൽ കെട്ടിടത്തെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ ചേർത്തിട്ടില്ല. വിസ്തീർണ്ണം (കോളം 6), എഫ്.എ.ആർ (കോളം7), പെർമിറ്റ് നം (കോളം 15), പണി പൂർത്തിയായവയുടെ അസസ്സ്മെന്റ് നമ്പർ (കോളം 20), കെട്ടിടത്തിന്റെ തരം (കോളം 5), ഫീസ് ഒടുക്കിയ രസീത് നമ്പർ തുടങ്ങിയ വിവരങ്ങളൊന്നും രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. കൂടാതെ 3 വർഷ കാലാവധി പൂർത്തിയാക്കിയ പെർമിറ്റുകൾ പുതുക്കുന്നതായി രേഖയില്ല. ക്രമവൽക്കരണം നടത്തിയ കെട്ടിടങ്ങളുടെ വിശദാംശങ്ങൾ പ്രത്യേകം രേഖപ്പെടുത്തുന്നില്ല. ടി വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10) വിശദാംശങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതാണെന്നും ക്രമവൽക്കരിക്കുന്ന കെട്ടിടങ്ങളുടെ വിശദാംശങ്ങൾ സങ്കേതം സോഫ്റ്റ്‌വെയർ മുഖാന്തിരം ആയതിനാലാണ് രജിസ്റ്ററിൽ രേഖപ്പെടുത്താതിരുന്നതെന്നും അറിയിച്ചിട്ടുണ്ട്. പെർമിറ്റ് രജിസ്റ്ററിൽ കെട്ടിടങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ യഥാസമയം രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

2.ക്രമവൽക്കരണ ഫീസ് ഈടാക്കിയതിൽ കുറവ്

പെർമിറ്റ് എടുക്കാതെ നിർമ്മാണം നടത്തുകയും കെട്ടിട നിർമ്മാണചട്ടങ്ങൾ പൂർണ്ണമായും പാലിക്കുകയും ചെയ്തിട്ടുള്ള കെട്ടിടങ്ങളെ പെർമിറ്റ് ഫീസ് കൂടാതെ രാജിയാക്കൽ ഫീസ് കൂടി ഈടാക്കി ക്രമവൽക്കരിക്കാവുന്നതാണ് [ത.സ്വ.ഭ.വ പ്രിൻസിപ്പൽ സെക്രട്ടറിയുടെ ലെറ്റർ നമ്പർ.229813/ആർ.ഡി.2/15ത.സ്വ.ഭ.വ പ്രകാരം]. താഴെപ്പറയുന്ന കെട്ടിടത്തിന്റെ ക്രമവൽക്കരണ ഫീസ് ഈടാക്കിയതിൽ കുറവുണ്ടായി.

| പെർമിറ്റ് നം/കെട്ടിട നം. | വിസ്തീർണ്ണം(ച.മീ.) | കെട്ടിടത്തിന്റെ തരം | ഈടാക്കിയ ക്രമവൽക്കരണ ഫീസ് | ഈടാക്കേണ്ട ഫീസ് | കുറവ് |
|---|---|---|---|---|---|
| സി2/5626 തീ.4.10.2017 | 232.69 ച.മീ. | ഗാർഹികം | 1396 (232.69x6) | 2094(പെർമിറ്റ് ഫീസ്-232.69x3=698+രാജിയാക്കൽ ഫീസ് -232.69x6=1396) | 698 |
| XII/200<br>XII/200A | 166.7<br>19.30 | ഗാർഹികം+<br>വാണിജ്യം | 1116 | 1790(പെർമിറ്റ് ഫീസ് - 166.7x3+19.3x5=596.6+രാജിയാക്കൽ ഫീസ് -166.7x6+19.3x10=1193.2) | 674 |

ക്രമവൽക്കരണ ഫീസ് കുറവായി ഈടാക്കിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7) സങ്കേതം സോഫ്റ്റ് വെയർ മുഖേന ഫീസ് ഈടാക്കിയതിനാലാണ് കുറവ് വന്നതെന്നും കുറവ് വന്ന തുക ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കുറവ് വന്ന തുക ബന്ധപ്പെട്ട വ്യക്തികളിൽ നിന്ന് ഈടാക്കാത്ത പക്ഷം സെക്രട്ടറിയുടെ ബാദ്ധ്യതയായിരിക്കുന്നതാണ്.

3.<u>മൊബൈൽ ടവറിൽ നിന്ന് വസ്തു നികുതി ഈടാക്കുന്നില്ല</u>

പഞ്ചായത്ത് പരിധിയിൽ X-ാം വാർഡിൽ(X/277A) പ്രവർത്തിച്ച് വരുന്ന മൊബൈൽ ടവറിൽ നിന്ന് (വയർലെസ് റ്റി.റ്റി പ്ലാസ) നാളിതുവരെ വസ്തു നികുതി ഈടാക്കിയില്ല (വാർഷിക വസ്തു നികുതി -12600/-). വസ്തു നികുതി പിരിച്ചെടുക്കാതിരുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10) ഡിമാന്റ് നോട്ടീസ്, ആർ.ആർ നോട്ടീസ് എന്നിവ നൽകിയിട്ടുണ്ടെന്നും നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതായും അറിയിച്ചു. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ മൊബൈൽ ടവറുകളിൽ നിന്നും യഥാസമയം വസ്തു നികുതി ഈടാക്കാനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

4.<u>വസ്തുനികുതി ഇനത്തിൽ കുടിശ്ശിക</u>

ഓഡിറ്റ് തീയതിയിലെ (2.3.19) സഞ്ചയ കളക്ഷൻ റിപ്പോർട്ട് പ്രകാരം മുൻവർഷങ്ങളിലെ അരിയർ കുടിശ്ശികയിനത്തിൽ 584735/- രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. മുൻ വർഷങ്ങളിലെ കുടിശ്ശിക പിരിച്ചെടുക്കാതിരുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10) 404505/- രൂപ സംബന്ധിച്ച് കോടതിയിൽ കേസ് നിലനിൽക്കുന്നതാണെന്നും ബാക്കിയുള്ള 180230/- രൂപ ഉടൻ തന്നെ പിരിച്ചെടുക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കുടിശ്ശിക കാലഹരണപ്പെടാതെ പിരിച്ചെടുക്കാനാവശ്യമായ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 2-4 <u>ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു</u>

ഹാജരാക്കിയ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 2017-18 ൽ 658 സ്ഥാപനങ്ങൾ പഞ്ചായത്ത് പ്രദേശത്തുണ്ട്. എന്നാൽ ഡിമാന്റ് രജിസ്റ്റർ പ്രകാരം 351 സ്ഥാപനങ്ങളാണ് ലൈസൻസ് എടുത്തിട്ടുള്ളത്. ഇതിൽ നിന്നും ലൈസൻസ് എടുക്കാതെ നിരവധി സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നു എന്നതാണ് വ്യക്തമാകുന്നത്.

ഡിസിബി സ്റ്റേറ്റ്മെന്റ് പ്രകാരം 6700/- രൂപ ലൈസൻസിനത്തിൽ കുടിശ്ശിക വരവുണ്ട്. ലൈസൻസ് അഡ്വാൻസ് ആയി എടുക്കണമെന്നിരിക്കെ കുടിശ്ശിക വരവ് വന്നതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 11/07.03.19) മുൻവർഷം ലൈസൻസില്ലാതെ പ്രവർത്തിച്ച സ്ഥാപനങ്ങൾ 2017-18 വർഷം ലൈസൻസിനായി അപേക്ഷിച്ചപ്പോൾ ഈടാക്കിയ കുടിശ്ശികയാണെന്നാണ് മറുപടി നൽകിയത്. കേരളാ

പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരുവർഷവും അവസാനിക്കുന്നതിന് മുപ്പത് ദിവസം മുൻപ് സമർപ്പിക്കേണ്ടതാണ്. ചട്ടലംഘനത്തിനുള്ള നടപടികൾ സ്വീകരിക്കാതെ കുടിശ്ശിക ഈടാക്കി ലൈസൻസ് പുതുക്കി നൽകിയ നടപടി ക്രമപ്രകാരമല്ല.

കേരളാ പഞ്ചായത്ത് രാജ് ആക്ട്, സെക്ഷൻ -232(1) പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് ഇല്ലാതെ പഞ്ചായത്ത് പരിധിയിൽ ഒരു സ്ഥാപനവും പ്രവർത്തിക്കാൻ പാടില്ല. ആയതിനാൽ സ്ഥാപനങ്ങളുടെ പ്രവർത്തനം നിയമാനുസൃതമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-5 വാടക ഇനത്തിൽ കുടിശ്ശിക

ഷോപ്പിംഗ് കോംപ്ലക്സിലെ ഷോപ്പ് നം.5ന്റെ വാടക ( പ്രതിമാസം 870/- രൂപ നിരക്കിൽ) നവംബർ, 2017 വരെയാണ് ഒടുക്കിയിട്ടുള്ളത്. ഇതു കാരണം 2017-18 വർഷം വാടക ഇനത്തിൽ 3480/- രൂപ കുടിശ്ശികയുണ്ട്.

ഇത് കൂടാതെ മുൻവർഷങ്ങളിലേതായി ഡിസിബി സ്റ്റേറ്റ്മെന്റ്, എഎഫ്എസ് എന്നിവ പ്രകാരം 20841/- രൂപയും കുടിശ്ശികയുണ്ട്. കുടിശ്ശിക തുകകൾ ഈടാക്കി അറിയിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണ (നം. 11/07.03.19) ത്തിന് മറുപടി നൽകി. തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിയ്ക്കേണ്ടതാണ്.

## 2-6 തടികളുടെ ലേലം നടന്നില്ല

ലേല ഫയൽ പരിശോധിച്ചതിൽ, വാർഡ് 9 ൽ പുഞ്ചകാലത്തോടിന് സമീപമുള്ള ആഞ്ഞിലിമരം (വാല്യുവേഷൻ – 5468/-) മനായിൽ ക്ഷേത്രത്തിന് സമീപമുള്ള ആഞ്ഞിലിമരം (വാല്യുവേഷൻ -25945/-) എന്നിവക്ക് ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിൽ നിന്നും വാല്യുവേഷൻ ലഭിച്ചുവെങ്കിലും ലേലം നടന്നിട്ടില്ല. ലേലത്തിലും പുനർലേലത്തിലും ആരും പങ്കെടുക്കാതിരുന്നതിനാൽ ക്വട്ടേഷൻ ക്ഷണിക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിരുന്നു (05.02.18 ലെ അജണ്ട -2, തീരുമാനം -1). തടികളുടെ ലേലം നടന്നിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/07.03.19) ലേലം ഇതുവരെയും നടന്നിട്ടില്ല എന്നാണറിയിച്ചത്. ലേല നടപടികൾ പൂർത്തിയാക്കി മറുപടി ലഭ്യമാക്കേണ്ടതാണ്.

## 2-7 മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് - തിരികെ ലഭിക്കുന്നതിന് കാലതാമസം

നികുതിയേതര വരുമാനമിനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട ടെണ്ടർ ഫീസ് എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും തിരികെ ലഭിക്കുന്നതിന് കാലതാമസം നേരിടുന്നു.

28-09-2013 ലെ ജി.ഒ.(എം.എസ്) 318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് ജില്ലാപഞ്ചായത്ത് എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമ പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 27-07-17 ലെ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 02-10-2017 ലെ സ.ഉ (സാധാ) നമ്പർ 3186/2017/ത.സ്വ.ഭ.വ പ്രകാരമുള്ള ഉത്തരവിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ടില്ലാത്ത എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി എസ്.ബി.ഐയിൽ അക്കൗണ്ട് തുടങ്ങുന്നതിന് അനുമതി നല്കിയിരുന്നു. എന്നാൽ ഗ്രാമ പഞ്ചായത്തിൽ 2017-18 വർഷം ഇത്തരത്തിൽ അക്കൗണ്ട് തുടങ്ങിയിട്ടില്ല. മുൻ വർഷങ്ങളിൽ ചെയ്തതുപോലെ ജില്ലാപഞ്ചായത്ത് എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള സീറോ ബാലൻസ് അക്കൗണ്ടിലേക്കാണ് ടെണ്ടർ ഫീ ക്രഡിറ്റ് ചെയ്തിട്ടുള്ളത്. നാളിതുവരെ ഒടുക്കിയിട്ടുള്ള ടെണ്ടർ ഫീയിൽ യാതൊരു തുകയും ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. ടി തുക പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്യുന്നതിന് ലിസ്റ്റ് തയ്യാറാക്കി എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു. എന്നാൽ ടെന്റർ രജിസ്റ്ററിൽ ഇത് സംബന്ധിച്ച വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. ഗ്രാമപഞ്ചായത്തിന് തനത് വരുമാനം ഇനത്തിൽ ലഭിക്കേണ്ട ടെണ്ടർ ഫീ യഥാസമയം ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് ലഭിക്കാത്തതു മൂലം പലിശയിനത്തിലും വരുമാന നഷ്ടമുണ്ടായിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഫലപ്രദമായ ഇടപെടൽ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതുണ്ട്.

ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി എസ്.ബി.ഐയിൽ അക്കൗണ്ട് തുടങ്ങുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 സർക്കാരിൽ നിന്നും ലഭിച്ച ഫണ്ടുകൾ പൂർണ്ണമായി വിനിയോഗിക്കാത്തതുമൂലം 1.27 കോടി പാഴായി

ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി സർക്കാരിൽ നിന്നും അലോട്ട്മെന്റ് ആയി ലഭിച്ച തുകകൾ പൂർണ്ണമായി വിനിയോഗിക്കുന്നതിൽ വീഴ്ച വരുത്തിയതുമൂലം 1.27 കോടി പാഴായി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന അലോട്ട്മെന്റിൽ ചെലവഴിക്കാതെ ബാക്കിയായത് സഞ്ചിതനിധിയിലേക്ക് തിരികെ പോകുമെന്ന തിനാൽ ചെലവഴിക്കപ്പെടാതെ ബാക്കിയാകുന്ന തുകകൾ തൻവർഷം ഗ്രാമ പഞ്ചായത്തിന് നഷ്ടപ്പെടുകയാണ് ചെയ്യുന്നത്. ഗ്രാമപഞ്ചായത്തിന് സർക്കാർ അനുവദിച്ച വിവിധ ഫണ്ടുകളിൽ ചെലവഴിക്കപ്പെടാതെ ബാക്കിയായത് ലക്ഷക്കണക്കിന് രൂപയാണ്. ഇവയുടെ ഇനം തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

| ഫണ്ടിനം | ചെലവഴിക്കപ്പെടാത്ത തുക |
|---|---|
| വികസനഫണ്ട് ജനറൽ | 7031190 |
| വികസനഫണ്ട് എസ്.സി.പി | 3110696 |
| വികസനഫണ്ട് ടി.എസ്.പി | 146931 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 1376873 |
| മെയിന്റനൻസ് ഗ്രാന്റ് റോഡിതരം | 423417 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 570579 |
| ആകെ | 12659686 |

വർഷാവസാനം ചെലവഴിക്കാതെ ബാക്കിയാകുന്ന ഫണ്ടുകൾ പാഴാകുന്നതാണെന്ന് നേരത്തെതന്നെ സർക്കാർ നിർദ്ദേശം നൽകിയിരുന്നെങ്കിലും പദ്ധതി പണം ചെലവഴിക്കുന്നതിൽ പഞ്ചായത്ത് വേണ്ടത്ര മുന്നൊരുക്കം നടത്തിയിട്ടില്ലാത്തതു കൊണ്ടാണ് ഇത്രയും വലിയ തുക പഞ്ചായത്തിന് നഷ്ടമായത്. ഗ്രാമ പഞ്ചായത്തിൽ തൻവർഷം ആകെ 183 പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. ഇതിൽ 62 പ്രോജക്ടുകൾ പൂർണ്ണമായും നടപ്പാക്കിയില്ല. ഇപ്രകാരം ഫണ്ട് നഷ്ടപ്പെടുന്നതുവഴി അതിൽനിന്നു ലഭ്യമാകുന്ന ആസ്തികളും വികസന ക്ഷേമപ്രവർത്തനങ്ങളും ജനങ്ങൾക്ക് നഷ്ടമാകുന്നു. ഫണ്ടു വിനിയോഗത്തിലെ ഈ പോരായ്മ പരിഹരിക്കുന്നതിന് പദ്ധതി നടത്തിപ്പിൽ കുറേക്കൂടി ജാഗ്രതയും ദീർഘവീക്ഷണവും ഭാവിയിൽ ഉണ്ടാകേണ്ടതായുണ്ട്. ആയതിനാൽ ഈ വിഷയത്തിൽ പോരായ്മകൾ പരിഹരിച്ച് വരും വർഷങ്ങളിൽ സർക്കാർ അനുവദിക്കുന്ന ഫണ്ടുകൾ സമയബന്ധിതമായി പരമാവധി വിനിയോഗിക്കേണ്ടതാണ്. ഈ വിഷയം പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

### 3-2 തനത് ഫണ്ട് ചെലവുകൾ സംബന്ധമായ അപാകതകൾ

(i)ചെലവ് രേഖയില്ല, പദ്ധതി നിർവഹണ ചെലവ് തടസ്സപ്പെടുത്തുന്നു

വൗച്ചർ നം.306/2017-18 തീയതി.19.08.2017 പ്രകാരം 2017-18 വർഷത്തെ പദ്ധതി നിർവഹണത്തിനായി 40600/- രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും ചെലവ് സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല. രേഖകൾ

ഹാജരാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12) മറുപടി ലഭ്യമാക്കിയില്ല. ചെലവിനെ സാധൂകരിക്കുന്ന രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ ടി ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ii).വെള്ളക്കരം, വൈദ്യുതി ചാർജ്ജ് എന്നിവ കണക്കാക്കിയതിൽ അവ്യക്തത

വെള്ളക്കരം ഇനത്തിൽ ഓരോ മാസവും പഞ്ചായത്തിൽ നിന്നും വൻ തുക ചെലവഴിക്കുന്നുണ്ട്. ഓഡിറ്റ് വർഷം ടി ഇനത്തിൽ 1405198/- രൂപയാണ് വാട്ടർ അതോറിറ്റിയിൽ ഒടുക്കു വരുത്തിയിട്ടുള്ളത്. എന്നാൽ പ്രവർത്തനക്ഷമമായ ടാപ്പുകളുടെ വിവരങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ആകെ ടാപ്പുകളുടെ വിവരം, ചാർജ്ജ് തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തിയ ഒരു രജിസ്റ്റർ പഞ്ചായത്ത് സൂക്ഷിക്കുന്നില്ല. ടാപ്പുകൾ സംബന്ധിച്ച് വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയതായി രേഖയില്ല. ഇതിൽ നിന്നും ഉപയോഗക്ഷമമായ ടാപ്പുകൾക്കനുസൃതമായല്ല വാട്ടർ ചാർജ്ജ് നിർണ്ണയിച്ചിട്ടുള്ളതെന്ന് വ്യക്തമാണ്. പൊതുടാപ്പുകൾക്കുള്ള പദ്ധതികളെക്കാൾ ഗാർഹിക കുടിവെള്ള പദ്ധതികൾക്ക് മുൻഗണന നൽകേണ്ടതാണെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ നിഷ്കർഷിക്കുന്നുണ്ട്. സർക്കാർ നിർദ്ദേശത്തിന് (സ.ഉ.എം.എസ്.80/2017 /ത.സ്വ.ഭ.വ, 03.04.17) അനുസൃതമായ നടപടികൾ ടി വിഷയത്തിൽ സ്വീകരിക്കേണ്ടതാണ്. ഇതേ പോലെ കെ.എസ്.ഇ.ബി യുമായി ചേർന്ന് ഉപയോഗക്ഷമമായ തെരുവ് വിളക്ക് സംബന്ധിച്ച് ഒരു സംയുക്ത പരിശോധന നടത്തിയതായി രേഖയില്ല. ഇതിൽ നിന്നും പഞ്ചായത്ത് പരിധിയിലെ പ്രവർത്തനക്ഷമമായ തെരുവ് വിളക്കുകളുടെ എണ്ണത്തിനനുസൃതമായല്ല കറണ്ട് ചാർജ്ജ് നിർണ്ണയിച്ചിട്ടുള്ളതെന്ന് വ്യക്തമാണ്. ഊർജ്ജ ഉപഭോഗം കുറഞ്ഞതും കാര്യക്ഷമത കൂടിയതുമായ എൽ.ഇ.ഡി ബൾബുകൾക്ക് അതിനനുസൃതമായി കുറഞ്ഞ താരിഫാണോ നിശ്ചയിച്ചിട്ടുള്ളതെന്നും വ്യക്തമല്ല. കൂടാതെ തെരുവ് വിളക്കിന്റെ പോസ്റ്റിൽ മീറ്റർ സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ.ബി യിൽ തുക ഒടുക്കിയത് സംബന്ധിച്ചും ടി മീറ്റർ സ്ഥാപിച്ചത് സംബന്ധിച്ചും ഉള്ള വിശദാംശങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ല. ടി വിശദാംശങ്ങൾ ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12) മറുപടി ലഭിച്ചില്ല. വാട്ടർ അതോറിറ്റിയുമായി ചേർന്ന് ടാപ്പുകളുടേയും കെ.എസ്.ഇ.ബി യുമായി ചേർന്ന് തെരുവ് വിളക്കുകളുടേയും കൃത്യമായ എണ്ണം കണക്കാക്കി അതിന്റെ അടിസ്ഥാനത്തിൽ മാത്രം വെള്ളക്കരവും വൈദ്യുതി ചാർജ്ജും നിർണ്ണയിക്കാനാവശ്യമായ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 3-3 എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി - മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താവ് നിർമ്മാണം പൂർത്തിയാക്കിയില്ല.

നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ട് നം.54/18.

മുൻകൂർ ധനസഹായം കൈപ്പറ്റിയ ആര്യതീർത്ഥ, D/Oരാജേഷ്, രാജേഷ് ഭവനം എന്ന ഗുണഭോക്താവ് പഠനമുറിയുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല എന്നാണ് ഓഡിറ്റ് അന്വേഷണത്തിന് (നം.13/08.03.19) മറുപടി നൽകിയത്. 50,000/- രൂപ (ബിൽ നം.24/17-18/15.02.18.) യാണ് നൽകിയത്. ഗുണഭോക്താവിന് നിർമ്മാണം പൂർത്തിയാക്കാനായില്ല എങ്കിൽ നൽകിയ തുക പലിശ സഹിതം തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർ നടപടികളുടെ വിവരം ലഭ്യമാക്കും വരെ ചെലവഴിച്ച 50,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 സോളാർ പാനൽ സ്ഥാപിക്കൽ - തുടർ നിരീക്ഷണമില്ല

2017-18 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് കാര്യാലയത്തിൽ കെൽട്രോൺ മുഖേന നടപ്പിലാക്കിയ സോളാർ പാനൽ സ്ഥാപിക്കൽ- എസ്. 196/18 പദ്ധതിക്ക് 1024240/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഹാജരാക്കിയ ഫയൽ പ്രകാരം 29.05.2018-ൽ സോളാർ പാനലുകൾ കമ്മീഷൻ ചെയ്യപ്പെടുകയും 10.08.17 ൽ നിലയം കെ.എസ്.ഇ.ബി. ഗ്രിഡുമായി ബന്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

എന്നാൽ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

എ) ഈ പദ്ധതി പ്രകാരം മാസം ശരാശരി ഉല്പാദിപ്പിക്കപ്പെടുന്ന വൈദ്യുതി എത്രയാണെന്നത് സംബന്ധിച്ച് ഗ്രാമ

പഞ്ചായത്തിന് വ്യക്തതയില്ല.

ബി) സോളാർ വൈദ്യുതി ഉല്പാദനം, ഗ്രിഡിലേക്ക് നല്കുന്നത് എന്നിവ സംബന്ധിച്ച് കൃത്യമായ കണക്കുകൾ നിലവിൽ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

സി)നാളിതുവരെ ലഭ്യമായിട്ടുള്ള വൈദ്യുതോല്പാദനം സംബന്ധിച്ച കണക്ക് കെ.എസ്.ഇ.ബി-യിൽ നിന്നും ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

ഡി) പാനൽ സ്ഥാപിച്ചതിന് ശേഷം വൈദ്യുതിചാർജ്ജിനത്തിൽ ഉണ്ടായിട്ടുള്ള മാറ്റം നിരീക്ഷിക്കപ്പെടുന്നില്ല.

ഇ) ഓഫീസ് ഉപയോഗം കഴിഞ്ഞ് മിച്ചമുള്ള വൈദ്യുതി കെ.എസ്.ഇ.ബി യുടെ ഗ്രിഡിലേക്ക് നല്കുന്ന സംവിധാനമാണ് നിലവിലുള്ളത്. അതിനാൽ കെ.എസ്.ഇ.ബിയുമായി കരാറിൽ ഏർപ്പെടേണ്ടതാണ്. എന്നാൽ പഞ്ചായത്ത് കെ.എസ്.ഇ.ബി.യുമായി ഏർപ്പെട്ട എഗ്രിമെന്റ് വ്യവസ്ഥകൾ ഫയലിൽ ലഭ്യമല്ല.

പഞ്ചായത്തിന് തനത് വരുമാനം ലഭിക്കുന്ന വിഷയമായതിനാൽ, നല്കിയ വൈദ്യുതിയുടെ വിലയായി നാളിതുവരെ ലഭിച്ച തുകയുടെ വിവരം, ലഭിക്കുന്ന വൈദ്യുതിയുടെയും തുകയുടെയും കൃത്യത ഉറപ്പാക്കുന്നതിനും സോളാർ വൈദ്യുതി സംബന്ധിച്ച് മറ്റ് കത്തിടപാടുകൾക്കുമായി പ്രത്യേക ഫയൽ, രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടുണ്ടെങ്കിൽ ആയത് ലഭ്യമാക്കുന്നതിനുമായി നൽകിയ ഓഡിറ്റന്വേഷണത്തിന് യാതൊരു മറുപടിയും ലഭ്യമാക്കിയില്ല.

ഇതിൽ നിന്നും പദ്ധതി നടപ്പാക്കുന്നതിലുണ്ടായ താല്പര്യം പദ്ധതിയുടെ മോണിട്ടറിംഗിൽ ഭരണസമിതി അംഗങ്ങൾ, ഉദ്യോഗസ്ഥർ എന്നിവർ കാണിക്കുന്നില്ല എന്ന് വ്യക്തമാണ്. ആയതിനാൽ ടി പദ്ധതിയുടെ തുടർ പ്രവർത്തനത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് വികസന സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-5 തെരുവ് വിളക്ക് പിരിപാലനം - പദ്ധതി ചെലവിന് സാധൂകരണ രേഖകളില്ല

തെരുവ് വിളക്ക് പരിപാലനത്തിന് ഓഡിറ്റ് വർഷം സെക്രട്ടറി രണ്ട് പ്രോജക്ടുകളിൽ ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും 1209062/-രൂപ ചെലവഴിച്ചു. ചെലവിന്റെ വിശദാംശങ്ങൾ താഴെച്ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം./പേര് | ചെലവ് തുക | ചെലവിന്റെ വിശദാംശങ്ങൾ |
|---|---|---|---|
| 1 | 205/18-തെരുവ് വിളക്ക് അറ്റകുറ്റപണികൾ | 747560 | 15/17-18 dtd.27.4.17 & 12/17-18 dtd. 26.08.17 |
| 2. | 209/18,ഇലക്ട്രിക്കൽ സാധനങ്ങൾ വാങ്ങൽ | 461502 | 30/17-18 dtd.15.03.18 |

ഫയൽ പരിശോധിച്ചതിൽ തെരുവ് വിളക്ക് അറ്റകുറ്റപണികൾ (പ്രോജക്ട് 205/18 ) എന്ന പദ്ധതി 2016-17 വർഷം സ്പിൽ ഓവറായ പദ്ധതിയാണ്. ഇതിനായി ക്ഷണിച്ച ടെന്റർ പ്രകാരം പ്രവർത്തി ഏറ്റെടുത്ത ശ്രീ.ശെൽവൻ എന്നയാൾ 25.02.17 ൽ പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. തുടർന്ന് ടിയാൻ ഹാജരാകാതിരുന്ന സാഹചര്യത്തിൽ 17.04.17 ൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് കാണിച്ച് കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. തുടർന്ന് 2017-18 ൽ റീ-ടെന്റർ നടത്തുകയും ശ്രീ.മഹേഷ്കുമാർ എന്ന വ്യക്തിക്ക് പ്രവർത്തി ഏൽപ്പിച്ച് നൽകുകയും ചെയ്ത്, ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 747560/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

എന്നാൽ കരാറിൽ ഏർപ്പെട്ടതിന് ശേഷം പ്രവർത്തി നടപ്പാക്കാതെ പിൻമാറുന്ന സാഹചര്യത്തിൽ റീ-ടെന്റർ നടപടികൾ ശ്രീ.ശെൽവന്റെ നഷ്ടോത്തരമാദിത്വത്തിൽ നടപ്പാക്കേണ്ടതാണ്. ഇതിനായി ടിയാൻ അടവാക്കിയ ഇ.എം.ഡി. തുക പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയതിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ടതിന് യാതൊരു മറുപടിയും ലഭ്യമാക്കിയില്ല.

അതുപോലെതന്നെ, ശ്രീ.മഹേഷ്കുമാർ അറ്റകുറ്റപ്പണികൾ നടത്തിയതായി കാണിച്ച് നൽകിയ കത്തിന്റെയടിസ്ഥാനത്തിൽ 347875 (15/17-18 dtd.27.4.17-130000, 12/17-18 dtd. 26.08.17 -217875)

ചെലവഴിച്ചിട്ടുണ്ട് ( കൈപ്പറ്റ് വിവരം, ബിൽ കോപ്പി എന്നിവയില്ല). എന്നാൽ പ്രോജക്ട് പ്രകാരം ആകെ ചെലവ് 747560 രൂപയാണെന്ന് കാണുന്നു. ബാക്കി 399685 രൂപയുടെ ( 747560 - 347875) ചെലവ് സംബന്ധിച്ച യാതൊരു വിശദാംശങ്ങളും ഓഡിറ്റിൽ ലഭ്യമാക്കിയില്ല.

കൂടാതെ ,ചെലവ് സാധൂകരിക്കുന്നതിന് ആവശ്യമായ താഴെപ്പറയുന്ന രേഖകളും ഓഡിറ്റിന് ലഭ്യമാക്കിയില്ല.

1. തെരുവ് വിളക്ക് ആസ്തി രജിസ്റ്റർ (പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ പോസ്റ്റ് നമ്പർ,ഇനം,തരം,ലൊക്കേഷൻ എന്നിവ വിവരിക്കുന്നത്.)

2. പരാതി രജിസ്റ്റർ (ഏത് പോസ്റ്റുകളിലാണ് അറ്റകുറ്റപണി ആവശ്യമായത് എന്ന് വ്യക്തമാകുന്നതിന്)

3. അറ്റകുറ്റപണിക്ക് ശേഷം തിരികെ ലഭിച്ച ഉപയോഗ ശൂന്യമായ വൈദ്യുതോപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ.

4. അറ്റകുറ്റപണി നടത്തിയതായി തെളിയിക്കുന്ന കെ.എസ്.ഇ.ബി.അധികൃതരുടെ സാക്ഷ്യപത്രം.

5. കരാറുകാരുടെ ലേബർ റിപ്പോർട്ട് (ഏത് പോസ്റ്റിൽ എന്ത് ഉപകരണം മാറ്റിയിട്ട എന്ന് വിവരിക്കുന്നത്.)

6. മോണിട്ടറിംഗ് റിപ്പോർട്ട്.

7. കൈപ്പറ്റിയ ഉപകരണങ്ങൾ വാർഡുകളിലെ അറ്റകുറ്റപണിക്ക് ഉപയോഗിച്ചതായി തെളിയിക്കുന്ന രേഖകൾ, ഉപകരണങ്ങൾ അറ്റകുപ്പണിക്ക് ഉപയോഗിച്ചതായുള്ള വാർഡ് മെമ്പർമാരുടെ സത്യവാങ്മൂലം..

8. തെരുവ് വിളക്ക് പരിപാലനത്തിന്, പഞ്ചായത്ത് വാർഡ് തലത്തിൽ പരിപാലന കമ്മറ്റി രൂപീകരിച്ചതിന്റെ മിനിറ്റ്സ്/ രേഖകൾ

ആയതിനാൽ ചെലവ് സാധൂകരണ രേഖകളുടെ അഭാവത്തിൽ പ്രസ്തുത പദ്ധതിക്കായി ചെലവഴിച്ച മുഴുവൻ തുകയും (747560) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 <u>നൽകിയ തുകക്കുള്ള മരുന്നുകളും ഉപകരണങ്ങളും ലഭിച്ചില്ല</u>

പാലിയേറ്റീവ് കെയർ (48/18) പദ്ധതിയിൽ മരുന്നുകളും ഉപകരണങ്ങളും വാങ്ങുന്നതിനായി കെ.എം.എസ്.സി.എൽ -ന് 2,00,000/- രൂപ (ചെക്ക് നം. 3322907/31.03.18) നൽകിയിട്ടുണ്ട്. ഇവ ലഭിച്ചതിന്റെ വിശദാംശം സ്റ്റോക്ക് രജിസ്റ്റർ സഹിതം ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ (നം.7/05.03.2019) ത്തിന് മരുന്നുകളും ഉപകരണങ്ങളും ലഭിച്ചിട്ടില്ല എന്നാണറിയിച്ചത്.

പാലിയേറ്റീവ് കെയർ പോലെ അടിയന്തിര പ്രാധാന്യത്തോടെ നടപ്പാക്കുന്ന പദ്ധതികളിൽ അവശ്യ മരുന്നുകളും സഹായക ഉപകരണങ്ങളും ലഭിക്കുന്നതിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കാൻ നിർവഹണഉദ്യോഗസ്ഥ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. കെ.എം.എസ്.സി.എൽ - മായി ബന്ധപ്പെട്ട് മരുന്നുകളും ഉപകരണങ്ങളും എത്രയും വേഗം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ചെലവഴിച്ച 2,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 <u>അനുപൂരക പോഷകാഹാര പദ്ധതി- ഐ.സി.ഡി.എസ് സൂപ്പർവൈസർ സ്റ്റോക്ക് രജിസ്റ്റർ കൃത്യമാക്കി സൂക്ഷിക്കുന്നില്ല</u>

<u>പ്രോജക്ട് നം.19/18 (ജനറൽ) , പ്രോജക്ട് നം. 32/18 (എസ് സി)</u>

അനുപൂരക പോഷകാഹാര പദ്ധതിയിൽ ബിൽ നം. 17505/03.09.17 പ്രകാരം വാങ്ങിയ സാധനങ്ങൾ (ട്രഷറി ബിൽ നം.10/17-18/23.12.17, -480610/- 5/17-18/ 30.10.17, -70719) അങ്കണവാടികളുടെ ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്ററുകളുമായി ഒത്തുനോക്കിയതിൽ 25kg വീതം ചെറുപയർ, ശർക്കര, പച്ചരി എന്നിവയുടെ വിതരണത്തിൽ കുറവുണ്ടായിട്ടുണ്ട്. എല്ലാ അങ്കണവാടികളുടെയും സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ച ശേഷം അപാകത പരിഹരിച്ച് റിപ്പോർട്ട് ചെയ്യുന്നതാണെന്നാണ് ഓഡിറ്റ് അന്വേഷണത്തിന് (നം.6/5.3.19) മറുപടി നൽകിയത്. അപാകത പരിഹരിച്ച് മറുപടി ലഭ്യമാക്കും വരെ ബിൽ നം.17505/03.09.17 പ്രകാരം ഭക്ഷ്യധാന്യങ്ങൾക്കായി ചെലവഴിച്ച 4,26,031/- രൂപ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് അന്വേഷണം നൽകിയതിനെ തുടർന്നാണ് ജൂൺ, 2017 ൽ വാങ്ങിയ ഭക്ഷ്യധാന്യങ്ങളുടെ വിതരണ

വിവരങ്ങൾ കൃത്യമാക്കിയത്. ഭക്ഷ്യധാന്യങ്ങൾ വാങ്ങി അങ്കണവാടികൾക്ക് വിതരണം ചെയ്യുന്ന വേളയിൽ സ്റ്റോക്ക് രജിസ്റ്റർ കൃത്യമാക്കുന്നതിൽ നിർവഹണ ഉദ്യോഗസ്ഥ വീഴ്ച വരുത്തുന്നു എന്നതാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ വിവരങ്ങൾ യഥാസമയം സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നതിനും പ്രതിമാസ അവലോകന യോഗങ്ങളിൽ അങ്കണവാടികളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ച് നീക്കിയിരുപ്പ് വിവരങ്ങളുടെ കൃത്യത ഉറപ്പാക്കാനും നിർവഹണ ഉദ്യോഗസ്ഥ ശ്രദ്ധിക്കേണ്ടതാണ്.

## 3-8 മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് - അപാകതകൾ

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലുണ്ടായിട്ടുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.

1. പ്രോജക്ടുകളുടെ ബാഹുല്യം പദ്ധതി നിർവ്വഹണത്തെ പ്രതികൂലമായി ബാധിക്കുന്നു

പ്രോജക്ടുകളുടെ ബാഹുല്യം മരാമത്ത് പ്രവൃത്തികളുടെ സമയബന്ധിതമായ നിർവ്വഹണത്തെ പ്രതികൂലമായി ബാധിക്കുന്നു. 2017-18 സാമ്പത്തിക വർഷം സ്പിൽഓവർ ഉൾപ്പെടെ 94 മരാമത്ത് പ്രോജക്ടുകളായിരുന്നു വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്. ഇതിൽ 43.48 ശതമാനം പ്രോജക്ടുകൾ മാത്രമാണ് തൻവർഷം നടപ്പിലാക്കിയത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | മരാമത്ത് പ്രവൃത്തികളുടെ എണ്ണം | | | ആകെ അടങ്കൽ | നടപ്പിലാക്കിയ പ്രവൃത്തികളുടെ എണ്ണം | | | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|---|---|
| | സ്പിൽ ഓവർ | പുതിയത് | ആകെ | | സ്പിൽ ഓവർ | പുതിയത് | ആകെ | | |
| 2017-18 | 44 | 50 | 94 | 47399494 | 35 | 21 | 56 | 20610392 | 43.48% |

94 മരാമത്ത് പ്രോജക്ടുകൾ ആവിഷ്കരിച്ചുവെങ്കിലും 56 പ്രോജക്ടുകൾ മാത്രമാണ് നടപ്പിലായത്. ഇത്രയധികം പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് ഒരു അസിസ്റ്റന്റ് എഞ്ചിനീയറും, രണ്ട് ഓവർസീയർമാരും മാത്രമാണ് ഉണ്ടായിരുന്നത്. എഞ്ചിനീയറിംഗ് വിഭാഗത്തിൽ ഫയൽ വർക്ക് ചെയ്യുന്നതിന് ക്ലാർക്കിന്റെ സേവനം ലഭ്യമായിരുന്നില്ല. മരാമത്ത് പ്രവൃത്തികൾക്കു പുറമേ പഞ്ചായത്ത് ഏറ്റെടുക്കുന്ന പ്രോജക്ടുകളുടെ ഭാഗമായി വാല്യൂവേഷൻ സർട്ടിഫിക്കറ്റുകൾ നൽകുക, കെട്ടിട നിർമ്മാണ പെർമിറ്റുകൾക്കുള്ള അപേക്ഷകൾ തീർപ്പാക്കുക തുടങ്ങിയ ജോലികളും എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ചുമതലകളാണ്. ഈ സാഹചര്യത്തിൽ കുറഞ്ഞ അടങ്കൽ തുകയുള്ള അസംഖ്യം മരാമത്ത് പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതുമൂലം ഭൂരിഭാഗം പ്രവൃത്തികളും സമയബന്ധിതമായി നിർവ്വഹിക്കാൻ കഴിയാതെ സ്പിൽ ഓവറാവുന്ന സ്ഥിതിവിശേഷമാണ് ഗ്രാമപഞ്ചായത്തിൽ കാണാൻ കഴിഞ്ഞത്. ചെറിയ അടങ്കലുള്ള മരാമത്ത് പ്രോജക്ടുകളുടെ എണ്ണം പരമാവധി കുറച്ച് കൂടുതൽ ജനങ്ങൾക്കും, കൂടുതൽ പ്രദേശങ്ങൾക്കും പ്രയോജനപ്പെടുന്ന സമഗ്ര പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണസമിതി തയ്യാറാകേണ്ടതുണ്ട്.

(2) 24.63 ലക്ഷം രൂപയുടെ സ്പിൽ ഓവർ പ്രോജക്ടുകൾ നടപ്പിലാക്കാതെ ഫണ്ട് ലാപ്സാക്കി

സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ പ്രകാരം ഒരു സ്പിൽഓവർ പ്രോജക്ട് സ്പിൽ ഓവർ ആയ വർഷം തന്നെ നിർബന്ധമായും പൂർത്തിയാക്കേണ്ടതാണ്. എന്നാൽ ഓഡിറ്റ് വർഷം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന 35 സ്പിൽഓവർ പ്രോജക്ടുകളിൽ 4 പ്രോജക്ടുകൾ തൻവർഷം നടപ്പാക്കിയിട്ടില്ല. ഇപ്രകാരം സ്പിൽ ഓവറായി തുടർന്ന 24.63 ലക്ഷം രൂപ അടങ്കലുള്ള 04 പ്രോജക്ടുകളും 2018-19 വർഷത്തെ വാർഷിക പദ്ധതിയിൽനിന്നും ഒഴിവാക്കപ്പെടുകയും പ്രസ്തുത പദ്ധതികൾക്ക് ലഭിക്കുമായിരുന്ന സ്പിൽ ഓവർ വിഹിതം പഞ്ചായത്തിന് നഷ്ടമാവുകയും ചെയ്തു.

(3) കണക്റ്റിവിറ്റി പ്ലാൻ തയ്യാറാക്കിയില്ല –റോഡുകളുടെ മുഴുവൻ നീളവും പുനരുദ്ധരിക്കുന്നതിന് പദ്ധതി നടപ്പിലാക്കുന്നില്ല

പുനരുദ്ധാരണം ആവശ്യമായ റോഡുകളുടെ മുഴുവൻ നീളത്തിനും എസ്റ്റിമേറ്റ് തയ്യാറാക്കാതെ റോഡുകളെ ചെറിയ കഷണങ്ങളാക്കി മുറിച്ച് പ്രോജക്ട് തയ്യാറാക്കുന്നു. വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വച്ച് ചെറിയ അടങ്കൽ തുകയുള്ള അസംഖ്യം റോഡ് നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനാൽ ഒരു റോഡു പോലും പൂർണ്ണമായി ഗതാഗത യോഗ്യമാക്കുന്നതിനുള്ള പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് കഴിയുന്നില്ല. ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസരിച്ച് റോഡ് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് അപൂർണ്ണമായി തയ്യാറാക്കുന്ന രീതി അഭിലഷണീയമല്ല. ഓരോ തദ്ദേശഭരണ

സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും, റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കണമെന്നും കണക്ടിവിറ്റി പ്ലാനിന്റെ അടിസ്ഥാനത്തിൽ മുൻഗണനാ ക്രമത്തിൽ റോഡുകൾ പൂർണ്ണമായും ഗതാഗത യോഗ്യമാക്കുന്നതിന് പ്രോജക്ടുകൾ ആവിഷ്കരിക്കണമെന്നുമുള്ള പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ നിർദ്ദേശം പഞ്ചായത്ത് അവഗണിച്ചു.

ഗതാഗത മേഖലയിൽ ചെറിയ അടങ്കൽ തുകയുള്ള പ്രോജക്ടുകൾ ആവിഷ്കരിച്ചതിലൂടെ ഭൂരിപക്ഷം പ്രോജക്ടുകളുടെയും അടങ്കൽ 5 ലക്ഷത്തിൽ താഴെയാകുകയും ഇവ ഇ-ടെണ്ടറിന്റെ പരിധിയിൽനിന്നും ഒഴിവാകുകയും ചെയ്തു. ഓഡിറ്റ് വർഷം കേവലം 13 പ്രവൃത്തികൾ മാത്രമാണ് ഇ-ടെണ്ടർ ചെയ്തിട്ടുള്ളത്. ഓപ്പൺ ടെണ്ടറിലൂടെ പദ്ധതികൾ നടപ്പിലാക്കിയപ്പോൾ ടെണ്ടറുകളുടെ മത്സര സ്വഭാവം ഇല്ലാതായി. പ്രവൃത്തികൾ ഇ-ടെണ്ടർ ചെയ്ത് സുതാര്യമായി നടപ്പിലാക്കിയിരുന്നെങ്കിൽ ടെണ്ടർ സേവിംഗ്സ് ഇനത്തിൽ ഗണ്യമായ തുക പഞ്ചായത്തിന് ലാഭിക്കാമായിരുന്നു. ഈ വിഷയത്തിൽ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സവിശേഷ ശ്രദ്ധ ക്ഷണിക്കുന്നു. ആവശ്യമായ തിരുത്തൽ നടപടികൾ ബന്ധപ്പെട്ടവർ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2017-18 | 6,50,000/- | പ്രോജക്റ്റ് നം. 191/18<br>സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 6,50,000/- | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2017-18 | 2,00,000/- | പ്രോജക്റ്റ് നം.34/18ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 2,00,000/ | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2017-18 | 6,00,000/- | പ്രോജക്റ്റ് നം.38/18 പാലിന് സബ്സിഡി | 6,00,000/- | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2017-18 | 9,52,000 | പ്രോജക്റ്റ് നം.70/18<br>നെൽകൃഷി വികസനം | 9,52,000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2017-18 | 1,04,000/- | പ്രോജക്റ്റ് നം.212/18<br>ഉള്ളിട്ടപുഞ്ച പെട്ടിയുംപറയും | 1,04,000/- | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2017-18 | 2,00,000/- | പ്രോജക്റ്റ് നം. 48/18<br>പാലിയേറ്റീവ് കെയർ | 2,00,000/- | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2017-18 | 3,00,000/- | പ്രോജക്റ്റ് നം.19/18, സപ്ലിമെന്ററി ന്യൂട്രീഷൻ (ജനറൽ) 32/18 (എസ് സി) | 3,00,000/- | 0 |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

--ഇല്ല--

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

--ഇല്ല--

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| ഉത്തരവ് നം. | വായ്പാ തുക | തൻവർഷം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ചത് | വർഷാവസാനം തിരിച്ചടക്കാനുള്ളത് |
|---|---|---|---|---|
| ജി.ഒ(എം.എസ്)എൽ.എസ്.ജി.ഡി/562/10/22.02.10 | 21871500 | 1251179 | 161440 | 1089739 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

--ഇല്ല--

## 4-6 ഓഡിറ്റ് റിക്കവറി

--ഇല്ല--

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2011-12 | 4.1.14 | 2014-15 | 3-16.1 | ഇ.ടോയ്‌ലെറ്റ് പൊളിച്ച് മാറ്റിയത് | തൽസ്ഥിതി തുടരുന്നു |
| 2007-08 | 3-38 | 2010-11 | 5.2.12 | പേപ്പർ ക്യാരി ബാഗ് നിർമ്മാണം | |

4-8 സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

--ഇല്ല--

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ)സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 8,29,49,028/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 7,52,89,541/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1464191 |

(ബി).പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായവരുടെ പേര് വിവരം |
|---|---|---|
| 3-2(1) | 40600 | ശ്രീ.അശോക് കുമാർ.എസ്.,സെക്രട്ടറി |
| 3-3 | 50000 | ശ്രീ.ഗോപാലകൃഷ്ണൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-5 | 747560 | ശ്രീ.അശോക് കുമാർ.എസ്.,സെക്രട്ടറി |
| 3-6 | 200000 | ഡോ.ദേവു.എസ്.,മെഡിക്കൽ ഓഫീസർ, അലോപ്പതി |
| 3-7 | 4,26,031 | ശ്രീമതി.നിർമ്മലാകുമാരി.കെ.കെ.,ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| ആകെ | 1464191 | |

(സി)കേന്ദ്ര-സംസ്ഥാനസർക്കാരുകൾ,മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

(ഡി)നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.അശോക് കുമാർ.എസ്.,സെക്രട്ടറി | ലഭ്യമല്ല | കാർത്തിക, മരുതൂർ നോർത്ത്, ആലുംകടവ് പി.ഒ, കരുനാഗപ്പള്ളി |
| ഡോ.ദേവു.എസ്,മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ലഭ്യമല്ല | ചെമ്പകത്തറയിൽ, മഞ്ഞാടിത്തറ, പള്ളിക്കൽ.പി.ഒ, കായംകുളം |
| ശ്രീമതി.നിർമ്മലകുമാരി.കെ.കെ, ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ, ചെട്ടികുളങ്ങര പഞ്ചായത്ത് | വടക്കേ കളീക്കൽ, കല്ലുമല പി.ഒ, മാവേലിക്കര |
| ശ്രീ.ഗോപാലകൃഷ്ണൻ, അസിസ്റ്റന്റ് സെക്രട്ടറി | - | ശ്രീവത്സം, ഈരേഴ വടക്ക്, ചെട്ടികുളങ്ങര പി.ഒ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 മുതൽ 2005-06 വരെ | എൽ.എഫ്.ജിഎ5-1832/11/ 02.02.12 |
| 2006-07 മുതൽ 2009-10 വരെ | എൽ.എഫ്.ജിഎ5-1577/2013/ 24.5.14 |
| 2010-11 മുതൽ 2011-12 വരെ | എൽ.എഫ്.എപി 7-349/2014/ 19.03.14 |
| 2012-13 | എൽ.എഫ്.എ.പി7-397/2015/25.6.15/7.7.15 |

| | |
|---|---|
| 2013-14 | കെ.എസ്.എ-എ.എൽ.പി-പി7-1608/15/23.12.15/15.01.16 |
| 2014-15 | കെ.എസ്.എ-എ.എൽ.പി-പി7-830/16/29.07.2016 |
| 2015-16 | കെ.എസ്.എ-എ.എൽ.പി-പി7-1562/16, തീ. 30.12.16/ 20.01.2017 |
| 2016-17 | നം. കെ.എസ്.എ-എ.എൽ.പി-പി.7-938/17 തീ. 22.07.2017 |

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ

# അനുബന്ധം.1

നം. കെ.എസ്.എ-എ.എൽ.പി-ജി.എ4-1126(19)/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
ആലപ്പുഴ-688011,
ഫോൺ: 0477 2252753
email: ddhglfalpy@gmail.com
തീയതി: 30.07.2018

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6) [1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6)] 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 [2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60] എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1-12 – ൽ ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം.2

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്